**No. CEE/2600/PG Homoeo-2020 /TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി.ഹോമിയോ കോഴ്സ്–2020

## താല്ക്കാലിക റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അവസരം

**2020–21** അധ്യയനവർഷത്തെ ഹോമിയോ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ താല്ക്കാലിക റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**2020–21** വർഷത്തെ പി.ജി. ഹോമിയോ കോഴ്സുകളിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PG Homeo-2020 Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും നൽകി ഹോംപേജിൽ പ്രവേശിച്ച് അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ പരിശോധിക്കേണ്ടതും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം **07.01.2021, 3** മണിക്ക് മുമ്പ് അവ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അപേക്ഷയിലെ ന്യൂനതകൾ തിരുത്തുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതല്ല.

പി.ജി. ഹോമിയോ കോഴ്സുകളിലേക്ക് ഓൺലൈൻ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയം **07.01.2021** വൈകുന്നേരം **3.00** മണി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് **Candidate Portal'** വഴി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. **07.01.2021** വൈകുന്നേരം 3.00 മണിവരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **08.01.2021** ന് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ്പ് ലൈൻ നമ്പർ : 0471-2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.01.2021